Energy System" എന്ന പേരിൽ ഒരു മാർഗ്ഗരേഖ ഇറക്കിയിട്ടുണ്ട്. ഈ മാർഗ്ഗരേഖ എല്ലാത്തരം വൈദ്യുത ഉപഭോക്താക്കളേയും സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കാൻ പ്രേരിപ്പിക്കുന്നു.

വൈക്കം നിയോജകമണ്ഡലത്തിലെ ഇലക്ട്രിക്ക് ലൈനുകൾ

9 (349) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈക്കം നിയോജക മണ്ഡലത്തിലെ ഏതെല്ലാം ഇലക്ട്രിക്കൽ സെക്ഷനുകളുടെ കീഴിൽ എത്രയൊക്കെ വീതം സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ലൈനുകൾ ആക്കിയിട്ടുണ്ടെന്നും, ഏതെല്ലാം സ്ഥലങ്ങളിൽ പുതുതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

(ബി) വൈക്കം നിയോജക മണ്ഡലത്തിനു കീഴിൽ ഓരോ ഇലക്ട്രിക്ക് സെക്ഷനുകളിലും എത്ര വീതം തടി പോസ്റ്റുകൾ മാറ്റി കോൺക്രീറ്റ് പോസ്റ്റുകൾ ആക്കിയിട്ടുണ്ടെന്നും ഇനി എത്രത്തോളം തടി പോസ്റ്റുകൾ ഈ രീതിയിൽ മാറ്റാനുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ)

സെക്ഷൻ	സിംഗിൾ ഫേസ്-ത്രീ ഫേസ് കൺവേർഷൻ (kms)	ട്രാൻസ്ഫോർമർ (Nos)
വൈക്കം	4.35	16
ചെമ്പ്	3.75	11
തലയാഴം	19.28	9
തലയോലപ്പറമ്പ്	5.88	18

LIBRARY ARCHIVES Kerala Legislative Assembly

കടുത്തുരുത്തി	4.21	8

(ബി)

സെക്ഷൻ	മാറ്റിയ തടി പോസ്റ്റുകൾ	മാറ്റാനുള്ള തടിപോസ്റ്റുകൾ
വൈക്കം	31.	900
ചെമ്പ്	199	1100
തലയാഴം	201	1350
തലയോലപ്പറമ്പ്	39	660
കടുത്തുരുത്തി	77	670

കെ. എസ്. ഇ. ബി. യ്ക്ക് പിരിഞ്ഞ് കിട്ടേണ്ട തുക

10 (350) ശ്രീ. വി. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കെ. എസ്. ഇ. ബി. ക്ക് വിവിധ വിഭാഗത്തിലുള്ള ഉപഭോക്താക്കളിൽ നിന്ന് പിരിഞ്ഞ് കിട്ടേണ്ട തുക പട്ടിക തിരിച്ച് നൽകുമോ ;

(ബി) പ്രസ്തുത ഇനത്തിൽ നിലവിൽ ഉള്ള തുകയുടെ വിവരം ലഭ്യമാക്കുമോ ;

(സി) ഇതിൽ ഗാർഹികേതര ഉപഭോക്താക്കളിൽ നിന്ന് വൻതുക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(ഡി) ഈ ഗവൺമെന്റിന്റെ കാലാവധി കഴിയുന്നതിന് മുമ്പ് തന്നെ കെ. എസ്, ഇ.ബി.ക്ക് അതിന്റെ ഗ്രണഭോക്താക്കളിൽ നിന്ന് പിരിഞ്ഞ് കിട്ടേണ്ട

LIBRARY ARCHIVES Kerala Legislative Assembly